# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്. ആർ. എം. പി. നംബർ : 6246/11/12/2024/ TVM**

പരാതികക്ഷി : ജനകീയ കൂട്ടായ്മയ്ക്ക് വേണ്ടി സന്തോഷ് ആർ
കുഴിവിളാകത്ത് വീട്,അരശുംമൂട് ,തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 06.01.2026**

അരശുംമൂട്-കുഴി വിള-ആറ്റിപ്ര-തമ്പുരാൻ മുക്ക്-കരിമണൽ ജനകീയ കൂട്ടായ്മയ്ക്ക് വേണ്ടിയാണ് ഈ പരാതി ഹർജികക്ഷി നൽകിയിട്ടുള്ളത്. കഴക്കൂട്ടം തമ്പുരാൻ മുക്കിനടുത്തുള്ള എസ് എഫ് എസ് ഫ്ലാറ്റിൽ നിന്നും ദുർഗന്ധം വമിപ്പിക്കുന്ന മലിനജലം പൊതുമരാമത്ത് റോഡിലൂടെയും റോഡിന് അടിയിലൂടെയുള്ള ടണലിൽ കൂടിയും തെറ്റിയാറിലേക്ക് ഒഴുക്കിവിടുന്നതായും നഗരസഭ അധികൃതർ നോട്ടീസ് നൽകിയിട്ടും ഈ പ്രവൃത്തി ഫ്ലാറ്റ് അധികൃതർ തുടരുകയാണെന്നും ജനങ്ങളുടെ ആരോഗ്യസംരക്ഷണം മുന്നിൽക്കണ്ട് പരാതിക്ക് പരിഹാരം ഉണ്ടാക്കണമെന്നും മറ്റുമാണ് പരാതി സംഗതി.

2. പരാതി വിഷയത്തിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി 03.10.2024 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പരാതിയെ തുടർന്ന് 06.08.2024 തീയതി നടത്തിയ സ്ഥല പരിശോധനയിൽ 6 ഫ്ലാറ്റുകളോട് കൂടിയ ഒരു സമുച്ചയമാണ് ഇതൊന്നും 533 അപ്പാർട്ട്മെന്റുകളിലായി ഏകദേശം 430 എണ്ണത്തിൽ താമസമുള്ളതായി അറിയാൻ കഴിഞ്ഞു എന്നും, മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് STP സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതായി കാണാൻ കഴിഞ്ഞു എന്നും, ഈ കോമ്പൗണ്ടിൽ നിന്നുള്ള മലിനജലം ഫ്ലാറ്റ് സമുച്ചയത്തിന്റെ പുറകുവശത്തായി തെറ്റിയാർ തോടിന് അരികിലുള്ള പൊതു റോഡിന് സമീപം ഒരു കൾവെർട്ട് നിർമ്മിച്ച് അതിൽ ശേഖരിച്ച് ടി പൊതു റോഡിന് കുറുകെ പൈപ്പ് സ്ഥാപിച്ച് അതിലൂടെ തെറ്റിയാർ തോട്ടിലേക്ക് ഒഴുക്കി വിടുന്നതായി കണ്ടു ബോധ്യപ്പെട്ടതായും, ഈ പ്രവർത്തി കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 340(A),334(A)- d എന്നിവയുടെ ലംഘനവും കുറ്റകരവും ശിക്ഷാർഹവുമായി കണ്ടതിനെ തുടർന്ന് ടി പ്രവൃത്തി അടിയന്തിരമായി നിർത്തിവയ്ക്കണമെന്ന് കാണിച്ച് 50010/- രൂപ പിഴ ചുമത്തി നോട്ടീസ് നൽകിയിട്ടുണ്ടെന്നും എന്നാൽ ഫ്ലാറ്റ് അധികൃതർ നോട്ടീസ് നിർദ്ദേശം പാലിച്ച് മലിനജലം ഒഴുക്കൽ അവസാനിപ്പിച്ചിട്ടില്ലാത്തതാണെന്നും കൂടാതെ നോട്ടീസിന് മറുപടി നൽകുകയോ പിഴ തുക ഒടുക്കുകയോ ചെയ്തിട്ടില്ല എന്നും തുടർന്ന് പ്രോസിക്യൂഷൻ നടപടികൾക്ക് മുന്നോടിയായി കുറ്റം രാജിയാക്കൽ ചട്ട പ്രകാരമുള്ള നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചു കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 09.01.2026 തീയതി പരാതികക്ഷി ഹാജരായി. ഇതുമായി ബന്ധപ്പെട്ട് നഗരസഭയിലും മലിനീകരണ നിയന്ത്രണ ബോർഡിലും പരാതി നൽകിയിരുന്നതായും PCB യിൽ നിന്നുള്ള ഉദ്യോഗസ്ഥർ എത്തുകയും ഈ പ്രദേശത്ത് നിന്നും വെള്ളത്തിൻറെ സാമ്പിളുകൾ ശേഖരിക്കുകയും സാമ്പിൾ റിപ്പോർട്ടിൽ കോളിഫോം ബാക്ടീരിയ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ടെന്നും, എന്നാൽ നാളിതുവരെ മലിനജലം റോഡിലേക്ക് ഒഴുക്കിവിടുന്നത് നിർത്തിവയ്ക്കാൻ ഫ്ലാറ്റ് അധികൃതർ തയ്യാറായിട്ടില്ല എന്നും ഹർജികക്ഷി ആക്ഷേപത്തിൽ പറയുകയുണ്ടായി. മലിനീകരണ നിയന്ത്രണ ബോർഡ് 19.10.2024 തീയതി നൽകിയ Show Cause Notice നോട്ടീസിന്റെ പകർപ്പും ഹാജരാക്കുകയുണ്ടായി.

4 SFS ഫ്ലാറ്റ് സമുച്ചയത്തിൽ നിന്നുള്ള മലിനജലം തെറ്റിയാർ തോട്ടിലേക്ക് ഒഴുക്കി വിടുന്നതിനെതിരെ നഗരസഭ അധികൃതർ നോട്ടീസ് നൽകിയിട്ടും ഇപ്പോഴും മലിനജലം ഒഴുക്കൽ തുടരുന്നതായിട്ടാണ് പരാതിക്കാർ ആരോപിക്കുന്നത്. നഗരസഭാ അധികൃതർ നോട്ടീസ് നൽകി ഒരു വർഷം കഴിഞ്ഞിട്ടും എതിർകക്ഷി നിയമലംഘനം തുടരുന്നുവെങ്കിൽ ആയത് കമ്മീഷൻ ഗൗരവമായി കാണുന്നു. ഇക്കാര്യത്തിൽ നഗരസഭ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ എല്ലാം കാണിച്ച് പരാതിക്കാർ നഗരസഭാ സെക്രട്ടറിക്കും മലിനീകരണ നിയന്ത്രണ ബോർഡ് എൻജിനീയർക്കും പരാതി നൽകുക. അപ്രകാരം പരാതി ലഭിച്ചാൽ നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ, LSGD അസിസ്റ്റൻറ് എൻജിനീയർ, എൻവിറോൺമെൻറ് എൻജിനീയർ എന്നിവർ സംയുക്ത സ്ഥലപരിശോധന നടത്തേണ്ടതാണ്. ഫ്ലാറ്റ് സമുച്ചയത്തിന് ട്രീറ്റ്മെൻറ് പ്ലാൻറ് ഉണ്ടോയെന്നും, ഇപ്പോഴും മലിനജലം ഒഴുക്കിവിടുന്നുണ്ടോയെന്നും, പരാതി പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും മറ്റും വിശദമായി പരിശോധിക്കേണ്ടതും റിപ്പോർട്ട് നഗരസഭാ സെക്രട്ടറിക്ക് നൽകേണ്ടതുമാണ് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമലംഘനങ്ങൾ ഫ്ലാറ്റ് അധികൃതർ ഇപ്പോഴും തുടരുന്ന പക്ഷം പരാതികക്ഷികളുടെ പ്രതിനിധിയെയും ഫ്ലാറ്റ് പ്രതിനിധിയെയും നേരിൽ കേട്ട ശേഷം കേരള മുനിസിപ്പാലിറ്റി ആക്റ്റും റൂളും പ്രകാരമുള്ള ശക്തമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ പോലീസിന്റെ സഹായവും തേടാവുന്നതുമാണ്. മേൽപ്പറഞ്ഞ നടപടികൾ 2 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്ന നിർദ്ദേശത്തോട് കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് തിരുവനന്തപുരം നഗരസഭ സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ